# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 23, വെള്ളി

**നമ്പർ 120**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

കൊലപാതക കേസുകളിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവരുടെ ശിക്ഷ ഇളവ് ചെയ്ത് വിട്ടയക്കാനുള്ളതായി പറയപ്പെടുന്ന നീക്കംമൂലം ഉളവായിട്ടുള്ള ആശങ്ക സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. സണ്ണി ജോസഫും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് (എം) ഒഴികെയുള്ള പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) സർക്കാർ ജോലിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സംവരണം ജില്ലാടിസ്ഥാനത്തിൽ അവരുടെ ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. കെ. ശശീന്ദ്രൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 822/2018 (i).

(2) ദേശീയപാത 66-ന്റെ വികസനത്തിനായി മലപ്പുറം ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്ന പ്രദേശത്തെ ജനങ്ങൾക്കുള്ള ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. കെ. അബ്ദു റബ്ബ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഹയർ സെക്കണ്ടറി പരീക്ഷയുടെ ഫിസിക്സ് ചോദ്യപേപ്പർ ചോർന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 2 | ശ്രീ. റ്റി. വി. രാജേഷ് | വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾസ് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. സി. ജോസഫ് | ന്യൂഡൽഹിയിൽ സംസ്ഥാന ഗവൺമെന്റിന്റെ കൈവശം ഉള്ള സ്ഥലം ഉപയോഗപ്പെടുത്തുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. കൃഷ്ണൻകുട്ടി | നല്ലാറിന് കുറുകെ തമിഴ്നാട് അണകെട്ടുന്നത് | മുഖ്യമന്ത്രി |
| 5 | ശ്രീ. രാജു എബ്രഹാം | ബാലനീതി നിയമം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടിയിലേക്കുള്ള ബദൽ റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. റോഷി അഗസ്റ്റിൻ | വയോജനങ്ങൾക്ക് ത്രിതല പഞ്ചായത്തുകൾ മുഖേന മെഡിക്കൽ ക്യാമ്പ് നടത്തുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി. ഇ. എസ്. ബിജിമോൾ | ചുഴപ്പ് -നെടിയോരം- തെക്കേമല പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണം | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ട്.

(2) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ട്.

(3) 2018-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.

(4) 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം:

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ :

(1) ശ്രീ. റ്റി. വി. രാജേഷ് അദ്ദേഹം നോട്ടീസ് നല്കിയ 2018-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തു സംസാരിച്ചു പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വപ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

(2) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അദ്ദേഹം നോട്ടീസ് നല്കിയ 2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തു സംസാരിച്ചു പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

(3) ശ്രീ. പി. ടി. തോമസ് അദ്ദേഹം നോട്ടീസ് നല്കിയ 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു ജലവിഭവ വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തു സംസാരിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

(4) ശ്രീ. ആർ. രാജേഷ് അദ്ദേഹം നോട്ടീസ് നല്കിയ 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തു സംസാരിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

(5) ശ്രീമതി യു. പ്രതിഭ ഹരി നോട്ടീസ് നല്കിയ 2018-ലെ കേരള ഗാർഹിക പരിസരത്തും പൊതുസ്ഥലത്തുമുള്ള മദ്യപാനം തടയൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തു സംസാരിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകയ്ക്ക് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

3. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള തുടർ ചർച്ച:

(i) ശ്രീ. എം.സ്വരാജ്, 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള പ്രസ്താവന തുടർന്നു. പ്രസ്താവന പൂർത്തിയായില്ല.

(ii) ശ്രീ. കെ. രാജൻ, 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമരംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള പ്രസ്താവന തുടർന്നു. പ്രസ്താവന പൂർത്തിയായില്ല.

[കാര്യവിവരപ്പട്ടികയിൽ 4 (3) (ii) ആയി കാണിച്ചിരുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം പ്രമേയാവതാരകൻ ഹാജരല്ലാത്തതിനാൽ അസാധുവായി.]

2018 മാർച്ച് 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.30-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Tenth Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, March 23, 2018*

**No. 120**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Sunny Joseph and two other Members regarding the serious situation that had arisen consequent on the reported move of the Government to release convicts in murder cases commuting their life term sentence.

In protest against the attitude of the Government in this matter the Members belonging to the opposition except Kerala Congress(M) staged a walk out.

*Calling Attention:*

(1) Shri C. K. Saseendran called the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs to the necessity to exert pressure on the Central Government to enhance the reservation for Scheduled Tribes in Government jobs district wise, based on their population. The Minister made a statement thereto.

KNPP. 822/2018 (ii).

(2) Shri P. K. Abdu Rabb called the attention of the Minister for Public Works and Registration to the necessity to take action for eliminating the apprehension among people in those areas of Malappuram district where acquisition of land for expansion of National Highway 66 is under way. The Minister made a statement thereto.

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | ഹയർ സെക്കണ്ടറി പരീക്ഷയുടെ ഫിസിക്സ് ചോദ്യപേപ്പർ ചോർന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 2 | ശ്രീ. റ്റി. വി. രാജേഷ് | വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾസ് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. സി. ജോസഫ് | ന്യൂഡൽഹിയിൽ സംസ്ഥാന ഗവൺമെന്റിന്റെ കൈവശം ഉള്ള സ്ഥലം ഉപയോഗപ്പെടുത്തുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. കൃഷ്ണൻകുട്ടി | നല്ലാറിന് കുറുകെ തമിഴ്നാട് അണകെട്ടുന്നത് | മുഖ്യമന്ത്രി |
| 5 | ശ്രീ. രാജു എബ്രഹാം | ബാലനീതി നിയമം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടിയിലേക്കുള്ള ബദൽ റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. റോഷി അഗസ്റ്റിൻ | വയോജനങ്ങൾക്ക് ത്രിതല പഞ്ചായത്തുകൾ മുഖേന മെഡിക്കൽ ക്യാമ്പ് നടത്തുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി ഇ. എസ്. ബിജിമോൾ | ചുഴുപ്പ് -നെടിയോരം- തെക്കേമല പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണം | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Reports:*

The following Reports were presented:

(1) The Report of the Subject Committee—IV on the Kerala Investment Promotion and Facilitation Bill, 2018.

(2) The Report of the Subject Committee—IV on the Kerala Investment Promotion and Facilitation (No.2) Bill, 2018.

(3) The Report of the Subject Committee—VIII on the Kerala Finance Bill, 2018.

(4) The Report of the Subject Committee—VIII on the Kerala Finance (No.2) Bill, 2018

*Private Members' Business:*

1. The Twelfth Report of the Committee on Private Members' Bills and Resolutions was adopted by the House.

2. Motion for Leave to introduce the following Bills:

(i) Shri T. V. Rajesh moved the motion for leave to introduce the Kerala Regulation of Political Organisational Activities Associated with Places of Worship Bill, 2018 given notice of by him. Since the motion was opposed by the Minister for Public Works and Registration on behalf of Chief Minister the mover was allowed to make a brief statement. The statement was inconclusive.

(ii) Prof. Abid Hussain Thangal moved the motion for leave to introduce the Kerala Education (Amendment) Bill, 2018 given notice of by him. Since the motion was opposed by the Minister for Education, the mover was allowed to make a brief statement. The statement was inconclusive.

(iii) Shri P. T. Thomas moved the motion for leave to introduce the Kerala Authority for Ensuring Availability of Pure Water Constitution Bill, 2017 given notice of by him. Since the motion was opposed by the Minister for Water Resources, the mover was allowed to make a brief statement. The Statement was inconclusive.

(iv) Shri R. Rajesh moved the motion for leave to introduce the Kerala Municipality (Amendment) Bill, 2016 given notice of by him. Since the motion was opposed by the Minister for Local Self Governments Welfare of Minorities, Wakf and Hajj Pilgrimage, the mover was allowed to make a brief statement. The Statement was inconclusive.

(v) Smt. U. Prathibha Hari moved the motion for leave to introduce the Kerala Prevention of Consumption of Liquor in Domestic premises and Public places, 2018 given notice of by her. Since the motion was opposed by the Minister for Public Works and Registration on behalf of Chief Minister, the mover was allowed to make a brief statement. The Statement was inconclusive.

3. Motion for leave to introduce the following Bills (Continued Discussion).

(i) Shri M. Swaraj resumed the statement on the motion for leave to introduce the Kerala Restriction of Construction Activities near Bird and Animal Sanctuaries Bill, 2016 given notice of by him. The statement was inconclusive.

(ii) Shri K. Rajan resumed the statement on the motion for leave to introduce the Kerala State Local Newspaper-Visual media Workers Welfare Fund Bill, 2017 given notice of by him. The statement was inconclusive.

[The motion for leave to introduce the Private Member's Bill mentioned in the list of business as item 4 (3) (ii) stood lapsed since the mover of the motion was absent].

The House adjourned at 12.30 p.m. to meet again 8.30 a.m. on Monday, March 26, 2018.

V. K. BABU PRAKASH,

*Secretary.*